## പൂക്കൾ വിതറുമ്പോൾ

കർത്താവിന്റെ നാമത്തിൽ വരുന്ന രാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു. ഇസ്രായേലിന്റെരാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു. സ്വർഗ്ഗത്തിൽ സമാധാനം - ഉന്നതങ്ങളിൽ സ്തുതി.

## പ്രഭാത ഏവൻഗേലിയോൻ

ഊശാന-കർത്താവിന്റെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനകുന്നു. കർത്താവിന്റെ നാമത്തിൽ വരുന്ന നമ്മുടെ പിതാവായ ദാവീദിന്റെ രാജ്യം വാഴ്ത്ത പ്പെട്ടതാകുന്നു- സ്വർഗ്ഗത്തിൽ സമാധാനം. ഉന്നതങ്ങളിൽ സ്തുതി - ഉയരങ്ങളിൽ ഊശാന

## വി. കുർബ്ബാനയുടെ ഏവൻഗേലിയോൻ

ഊശാന കർത്താവിന്റെ നാമത്തിൽ വരുന്ന ഇസ്രായേലിന്റെ രാജാവ് വാഴ്ത്തപ്പെട്ടവനാകുന്നു.

**OR**

**Song during the Gospel**

Hosanna — Son of David — who came in the Name
of the Lord — Blessed is He who has come and is to come.
Hosanna — in the highest.

## ഏവൻഗേലിക്ക ശേഷം

(ദൈവത്തിൻ പുത്രനെ മറിയാമുത്ഥാനത്തിൻ എന്ന പോലെ)

യെറുശലേം പുരിയിൽ കർത്താ - വേറുന്നേരം
സൈത്തിൻ കൊമ്പുകളേന്തിപ്പൈതങ്ങൾ ഘോഷിച്ചു

ദാവീദു സുതാ! നരരക്ഷ - യ്ക്കാഗതനേ!
ദാവീദീശാ! വന്നാലും ദൈവാത്മജനേ നീ
മേലാകാശങ്ങളിലൂശാന
താഴെയഗാധങ്ങളിലാനന്ദം
ദൂതസമേതം വരുവോനും വന്നോനും ധന്യൻ

## കാസോലിക്കി

മാർ യാക്കോബ്
( ഉണ്ണികളാർത്തു .. എന്ന പോലെ )

1. വാനോരാർത്താരീശൻ ശുദ്ധൻ ശുദ്ധൻ ശുദ്ധൻ
ഗർദ്ദഭമേറീട്ടേറുശലേമാർന്നോൻ പരിശുദ്ധൻ

2. പാടിൻ പാടിൻ പാടിൻ പുത്ര സ്തോത്രം നിത്യം
സ്തോത്രം മാത്രം നിൻ കർത്തവ്യം മൗനം വേണ്ടാ

3. സെഹ്യോനേ! ഹാ! നിന്നാൽ മന്നൻ തള്ളപ്പെട്ടു
ഊശാനയാൽ കീർത്തിച്ചീടും സഭയേ! ഭാഗ്യം

4. ബാലന്മാരും വൃദ്ധന്മാരും പട്ടക്കാരും
സ്ത്രീ പുരുഷന്മാരൂശാനയാൽ വാഴ്ത്തീടുന്നു

## ഹൂത്തോമ്മോ

കുട്ടികളൂശാനകളാലും കൊമ്പുകളാലും സ്തുതി പാടി
ഞങ്ങളുമട്ടഹസിക്കുന്നു ദാവീദുസുതന്നൂശാന
കർത്താവിൻ തിരു നാമത്തിൽ വന്നീടുന്നോനതി ധന്യൻ
ഞങ്ങൾക്കും മൃതരായോർക്കും മശിഹാ നൽകുക പരിഹാരം

# ഊശാന പ്രദക്ഷിണ ഗീതം

യേറുശലേമിലെ വന്മലമേ-
ലോരുകിലെന്നെ ആരേറ്റി

വര വാഹനനായ് പുരി പൂകും
പര സുതനേ ഞാൻ കാണുന്നു

ഊശാന, ഊശാന, ദാവീദാത്മജനൂശാന

നിബിയന്മാരുടെ തിരു നിവഹം
നട കൊള്ളുന്നു പുരോ ഭൂവിൽ

ശ്ലീഹന്മാരുടെ ദിവ്യ ഗണം
പിന്നണി ചേർന്നു വരുന്നല്ലോ

ഊശാന, ഊശാന, ദാവീദാത്മജനൂശാന

സൈത്തിൻ കൊമ്പുകളേന്തിയിതാ
പിഞ്ചു കിടാങ്ങൾ പാടുന്നു

ഭൂ സ്വർഗ്ഗങ്ങളിലൂശാന
ദാവീദാത്മജനൂശാന

ഊശാന, ഊശാന, ദാവീദാത്മജനൂശാന

വന്നവനും, വരുവോനുമഹോ
ധന്യൻ നിഖിലേശാ സ്തോത്രം

ഊശാന, ഊശാന, ദാവീദാത്മജനൂശാന

**OR**

Who did raise me up the mount
Jeru-salem, the holy hill.
Hosanna — Hosanna!
Hosanna — Son of David!
Son of God, to the city ride
Mounted on a colt I see.
Hosanna — Hosanna!
Hosanna — Son of David!
Prophets' holy band I see
Walking in front of the King
Hosanna — Hosanna!
Hosanna — Son of David!
Sacred band of Apostles
Closely follow Him behind
Hosanna — Hosanna!
Hosanna — Son of David!
Olive branches holding high
Little children sing and praise
Hosanna — Hosanna!
Hosanna — Son of David!
Earth and Heaven Hosanna!
Hosanna, Son of David!
Hosanna — Hosanna!
Hosanna — Son of David!
He who came and is to come,
Blessed Lord, praise unto Thee!
Hosanna — Hosanna!
Hosanna — Son of David!

## കുരുത്തോല വാഴ്വ്

1. ഒലിവീന്തൽ തലകളെടുത്തൂശാന
   ശിശു ബാലന്മാർ പാടിക്കീർത്തിച്ചോൻ
   ദേവാ ദയ ചെയ്തീടണമേ
2. ക്രൂബ ഗണം ഭ്രമമൊടു പേറീടുമ്പോൾ
   ഗർദ്ദഭമേറീ-ട്ടേറുശലേമാർന്നോൻ
   ദേവാ ദയ ചെയ്തീടണമേ
3. യേറുശലേം പുരി പൂകീടുന്നേരം
   മധുരാരാവം ശിശുഗണമർപ്പിച്ചോൻ
   ദേവാ ദയ ചെയ്തീടണമേ
4. ഗിരി സൈത്തിൽ നിന്നേറുശലേമോളം
   ശിശു ബാലന്മാ-രൂശാന പാടിയ
   ദേവാ ദയ ചെയ്തീടണമേ

ബാറെക്മോർ ശുബ്ഹോ...മെന ഓലം

5. വിനയത്താൽ രക്ഷയെ നൽകിയ സൂനോ
   യുവശിശു വൃദ്ധന്മാർ സ്തുതി ചെയ്വോനേ
   ദേവാ ദയ ചെയ്തീടണമേ ബാറെക്മോർ

## കുക്കിലിയോൻ

(4 -ാം രാഗത്തിൽ)

ഈശാ നാഥാ പരെങ്ങും തിരു നാമം മഹനീയം
ഹാലേലുയ്യാ നിൻ മഹിമാവിനെ ഗഗനതലത്തിന്നരുളീ നീ

നീ ബാലക യുവ വദനത്തിലൊരുക്കി നിൻ സ്തുതിയെ
ഹാലേലുയ്യാ വൈരികളാമെതിരാളികൾ മായും
ബാറെക്മോർ, ശുബ്ഹോ...മെന ഓലം

## എക്ബാ

ശ്ലോമ്മോ സീയോനോടറിയിക്കുന്നോനേ
യേറുശലേമിൻ ശമദാതാവേ
ഉന്നത പർവ്വതമേകി പൂകുക മേന്മ
നാദമുയർത്തി കെല്പോടവളോടുൽഘോഷിക്ക
പ്രോക്തം നിന്നപദാനം മഹനീയം
നീ ദൈവത്തിൻ പത്തനമല്ലോ

ഇസ്രായേലിനു ശമനവുമന്യ ജനത്തിൻ
തനയർക്കനിശം ശാന്തിയതും രക്ഷയുമുദയം ചെയ്യട്ടെ

## പ്രാർത്ഥന കഴിഞ്ഞ്

### കുക്കിലിയോൻ

### (4 -ാം രാഗത്തിൽ)

വാഴ്ത്തുക കർത്തനെ യേറുശലേമേ - ഹാലേലുയ്യാ
വാഴ്ത്തുക സീയോനേ നിൻ ദൈവത്തെ
ബാറെക്മോർ, ശുബ്ഹോ...മെന ഓലം

## എക്ബാ

യേറുശലേമേ പരമാനന്ദത്തോടാഹ്ലാദിക്ക-
സീയോൻ തൻ പ്രിയരേ! സതതം മോദമൊടാഘോഷിക്ക
സർവ്വ ജനത്തെയുമാളും മശിഹാ സേനാധീശൻ

വൈരിമദം ധ്വംസിപ്പാൻ ഗർദ്ദഭ വാഹനനായെഴുന്നെള്ളുന്ന
കർത്താവിൻ സൃഷ്ടികളേ ദേവാധീശനെ വാഴ്ത്തിൻ
നിത്യം വാഴ്ത്തി സ്തോത്രം ചെയ്യുവിനെന്നേവം
തൻ പേർക്കായ് നാമാർത്തീടുന്നു

സ്തൗമെൻ കാലോസ്... കുറിയേലായിസ്സോൻ

## പ്രൊമിയോൻ വായനക്കു ശേഷം

### കൂക്കോയോ 4 -ാം രാഗം

യേറുശലേമേറുന്നോനേ-യേൽപ്പാൻ ബാലകരേ
കല്ലുകളേന്തി ചെല്ലുവിനെ-ന്നോതി വൃദ്ധന്മാർ
കല്ലുകൾ പേറി-ച്ചെന്നൂ പൈതങ്ങൾ
ഗിരി സൈത്തിന്മേൽ അവനെ കണ്ടപ്പോൾ
കല്ലുകൾ കൈവിട്ടൊലിവിൻ കൊമ്പേന്തീട്ടിസ്രായേൽ
നൃപതേ ശാന്തി സ്വാഗതമെന്നുച്ചത്തിൽ പാടി
ഹാലേലുയ്യാ...നിൻ വരവതി ധന്യം
ബാറെക്മോർ, ശുബ്ഹോ...ഹാലേലുയ്യാ

യേറുശലേമവനാർന്നപ്പോൾ ദിവ്യാത്മീയമതാം
വിമല സ്തുതിയാൽ വിമല സഭ നൽകീ സ്വീകരണം
സ്വാഗതമവനേകാൻ കരതാരിൽ
ചില്ലികളേന്തും-പൈതങ്ങളെ വിട്ടാൾ
സ്തുതി ഘോഷത്താൽ- അവരേവം പാടി തിരുമുമ്പിൽ
ദാവീദാത്മജനൂശാന-രക്ഷാദാതാവേ
ഹാലേലുയ്യാ...തിരു നാമം ധന്യം

സഭ ഘോഷിക്കുന്നിവനല്ലോ വാനിൻ മണവാളൻ
ദാവീദ് സുതൻ ദാവീദിൻ നാഥൻ നിന്ദിതമാം

മൃഗമേറുന്നു-തിരു മുമ്പിൽ നിബിയർ
നടകൊള്ളുന്നു-ശിഷ്യ ഗണം പിമ്പേ
പിഞ്ചുകിടാങ്ങൾ സൈത്തിൻ കൊമ്പേന്തിക്കൊണ്ടാർത്തു
ദാവീദാത്മജനൂശാന-ധന്യൻ രക്ഷകനേ
ഹാലേലുയ്യാ...വാനതിലൂശാന

മെന ഓലം...ഹാലേലുയ്യാ

യീഹൂദ്യായിൽ കർത്താവിൻ കാലത്തുണ്ടായോ-
രാശ്ചര്യം മഹനീയം താൻ ശിഷ്യന്മാരൊത്തു
മഹിമാവിൻ തേരുള്ളോൻ സീനായേ
വിറ കൊള്ളിച്ചോൻ-പെരുന്നാൾ കൊണ്ടാടാൻ
ഗർദ്ദഭമേറീട്ടേറുശലേം നഗരം പൂകുമ്പോൾ
കൈപ്പിള്ളകളൂശാനകളാൽ പാടിക്കീർത്തിച്ചു
ഹാലേലുയ്യാ...വാനതിലൂശാന

മൊറിയൊ റാഹേം...

## എത്രോയും ഹൂത്തോമ്മോയും കഴിഞ്ഞ്

### മാർ യാക്കോബിന്റെ ബോവൂസാ

1. ഉണ്ണികളാർത്തു നാഥൻ ശുദ്ധൻ ശുദ്ധൻ ശുദ്ധൻ
   ഗർദ്ദഭമേറീട്ടേറുശലേമേറുന്നോൻ ശുദ്ധൻ

2. പാടിൻ പാടിൻ പാടിൻ സ്തോത്രം ദൈവസുതന്നായ്
   എന്തിനു മാന്ദ്യം തൽ സ്തുതി പാടാൻ നീ നിർദ്ദിഷ്ടൻ

3. നാഥന്നേറ്റം പ്രിയമാം വിനയം പൂണ്ടു ചരിപ്പാൻ
   ഈ ലോകത്തിൽ തന്നുടെ മാർഗ്ഗം സംസ്ഥാപിച്ചാൻ

4. ശ്രേഷ്ഠന്മാർ തൻ വാഹനമേൽക്കാതതി വിനയത്താൽ
അന്യജനത്തെ ദർശിപ്പാനായ് ഗർദ്ദഭമേറി

5. എബ്രായന്മാർ വരുമരചൻ തൻ വിനയം ദർശി
ച്ചൂശാനപ്പാട്ടാർത്തിടുവാനായ് കൊമ്പുകളേന്തി

6. വൃദ്ധന്മാരാ വിഹിത സ്തുതിയിൽ നീരസമാണ്ടു
ആശ്ചര്യത്തോടൂശാനക്കായ് ബാലകരാഞ്ഞു

7. വൃദ്ധന്മാർ തൻ കട ഭാരത്തെ വീട്ടി യുവാക്കൾ
യോഗ്യമതാകും സ്തുതിയവിടേവം സംഭൃതമായി

8. ആഗതനീശൻ വാഴ്വുടയോനെന്നുത്തരമാർത്തു
വൻസ്തുതിയാലായെഴുന്നെള്ളത്തിൻ പാത മുഴങ്ങി

9. താതൻ സ്തുത്യൻ നരരക്ഷയ്ക്കായ് സുതനെ വിട്ടോൻ
സീയോൻ തെരുവിൽ മൃഗമാരൂഢൻ പുത്രൻ വന്ദ്യൻ

10. വന്ദ്യൻ പുത്രന്നുച്ച രവത്തിൽ സ്തോത്രം പാടാൻ
ബാലന്മാരേ പ്രേരിപ്പിച്ചോൻ റൂഹാ സ്തുത്യൻ

11. മുമ്പിൽ നിബിയർ പിമ്പിൽ ശ്ലീഹർ ബാലന്മാരും
ഊശാനപ്പാട്ടുൽഘോഷിച്ചങ്ങവനെ വാഴ്ത്തി

12. നാഥൻ ദൈവം നിന്ദ്യ മൃഗത്തെ വാഹനമാക്കി
സ്കറിയായേ നിൻ മൊഴി നിറവേറി സ്തുതി ഘോഷിക്കാം

## കൈമുത്തിക്കുമ്പോൾ ചൊല്ലാവുന്നതു

(സംരക്ഷിത ജാതികളെ എന്ന പോലെ)

1. ഗർദ്ദഭ വാഹനനേ നൽക്കൊമ്പുകളേന്തി
കുട്ടികൾ കീർത്തിച്ചവനേ മശിഹാ സ്തോത്രം

2. തെളിയുക സീയോൻ മകളേ തവ നൃപനാർന്നു
വാതിൽ തുറന്നേറ്റുക ശമദായകനേ നീ

3. പിതൃ സഹിതം വാനിൽ സ്തുതിയേൽക്കുന്നോനേ
ഭൂമി തലേ ബാല ജനം വാഴ്ത്തീടുന്നു

4. സ്വപ്രഭയാൽ സ്രാപ്പികളേയഞ്ചിക്കുന്നോൻ
സീയോനിൽ ഗർഹിതമാം ഗർദ്ദഭമേറി

5. വിനയമെഴും പ്രാണപ്രിയ പ്രേമാവേശാൽ
സ്തുതിഗീത പ്രകരത്താലവനേ വാഴ്ത്തി

6. മൃതിയാമിരുൾ നീക്കിത്തൻ സുതരെക്കാത്ത
വിശ്വദ്യുതിയേ ശാന്ത്യാ വന്നാലും നീ

7. മമ മക്കൾക്കൈശ്വര്യം നൽകുന്നോനേ
ധനശാലീ! കരുണാബ്ധേ വന്നാലും നീ

8. തിരു രുധിരാൽ രക്ഷിപ്പാനങ്ങേ വിട്ട
ധന്യ പിതാവിന്നുയരങ്ങളിലൂശാന

9. പനിനീർപ്പൂ പരിമളനേ പ്രേമാകാരാ
ജീവൗഷധ സൗരഭ്യം നീ വീശുന്നു

10. മിന്നീടുന്നഗ്നിദ്യുതി നിന്നിൽ നിന്നും
വക്രതം ജീവനുമുത്ഥാനവുമേകുന്നു

11. അന്ധതമേ-നൽകിയ സാത്താൻ ലജ്ജിച്ചു
സ്വർഗ്ഗീയ പ്രഭയെന്നെ ഭാസിപ്പിച്ചു

12. തിരു മർമ്മങ്ങളെ റൂശ്മാ ചെയ്തല്ലോ ഞാൻ
മമ പാപം മായിക്കുക കൃപയാൽ നാഥാ

# സ്ലീബാ ആഘോഷം

## കിഴക്ക്

പട്ടക്കാരൻ: ദൂതന്മാർ സേവിപ്പോനേ!
ജനം: ഈശാ നീ പരിശുദ്ധൻ
പട്ടക്കാരൻ: ക്രോബേന്മാർ വാഴ്ത്തുന്നോനേ!
ജനം: ശക്താ നീ പരിശുദ്ധൻ
പട്ടക്കാരൻ: സ്രാപ്പികൾ കദീശാർപ്പോനേ!
ജനം: മൃതിഹീനാ നീ പരിശുദ്ധൻ
പട്ടക്കാരൻ: പാപികളനുതാപത്തോടർഥിച്ചോതുന്നു
ജനം: ദാവീദത്മജനൂശാനാ! കൃപയടിയാരിൽ ചെയ്യേണമേ

## പടിഞ്ഞാറ്

പട്ടക്കാരൻ: തീമയർ ഹാലൽ ചൊൽവോനേ!
ജനം: ഈശാ നീ പരിശുദ്ധൻ
പട്ടക്കാരൻ: ആത്മീയർ ശ്ലാഹിപ്പോനേ!
ജനം: ശക്താ നീ പരിശുദ്ധൻ
പട്ടക്കാരൻ: മണ്മയരാഘോഷിപ്പോനേ!
ജനം: മൃതിഹീനാ നീ പരിശുദ്ധൻ
പട്ടക്കാരൻ: പാപികളനുതാപത്തോടർഥിച്ചോതുന്നു
ജനം: ദാവീദത്മജനൂശാനാ! കൃപയടിയാരിൽ ചെയ്യേണമേ

## വടക്ക്

പട്ടക്കാരൻ: മേലുള്ളോർ മാനിപ്പോനേ!
ജനം: ഈശാ നീ പരിശുദ്ധൻ
പട്ടക്കാരൻ: മദ്ധ്യമർ കീർത്തിക്കുന്നോനേ!

ജനം: ശക്താ നീ പരിശുദ്ധൻ

പട്ടക്കാരൻ: കീഴുള്ളോർ കൂപ്പുന്നോനേ!

ജനം: മൃതിഹീനാ നീ പരിശുദ്ധൻ

പട്ടക്കാരൻ: പാപികളനുതാപത്തോടർത്ഥിച്ചോതുന്നു

ജനം: ദാവീദത്മജനൂശാന! കൃപയടിയാരിൽ ചെയ്യേണമേ

## തെക്ക്

പട്ടക്കാരൻ: നാഥാ കൃപ ചെയ്തീടേണം

ജനം: നാഥാ കൃപ ചെയ്യുക കനിവാൽ

പട്ടക്കാരൻ: നാഥാ കർമ്മാർത്ഥനകളെ നീ

കൈക്കൊണ്ടും കൃപ ചെയ്തീടേണം

ജനം: ദേവേശാ തേ സ്തോത്രം

പട്ടക്കാരൻ: സ്രഷ്ടാവേ! തേ സ്തോത്രം

ജനം: പാപികളാം ദാസരിലലിയും മശിഹാ രാജാവേ!

സ്തോത്രം ബാറെക്മോർ

**St. Mary's Indian Orthodox Church**
Northern Virginia
Email: stmarysnova@gmail.com
Web Site: http://www.stmarysnova.org